**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2539** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദന ശേഷിയിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ജല-സൗര സ്രോതസുകളിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിൽ എത്രത്തോളം മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ- ന്റെ കീഴിൽ, ജലവൈദ്യുത പദ്ധതികളായ അപ്പർകല്ലാർ (2 MW) പെരിങ്ങൽകുത്ത് (24 MW) എന്നിവ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുവഴി (26 MW) അധികമായി ഉത്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ചാത്തൻകോട്ടുനട (6 MW) പദ്ധതിയിൽ നിന്നും പൂർണ്ണതോതിൽ വൈദ്യുതോൽപാദനം തുടങ്ങിയിട്ടുണ്ട്.<br><br>ജലവൈദ്യുത മേഖലയിൽ അപ്പർകല്ലാർ (2x1 MW), പൊരിങ്ങൽകുത്ത് (1x24 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു. ജലസ്രോതസുകളിൽ നിന്നും വിവിധ ചെറുകിട/ വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവ താഴെ കൊടുത്തിരിക്കുന്നു.<br><br>**നമ്പർ പദ്ധതി ശേഷി**<br><br>1. പള്ളിവാസൽ എക്സ്റ്റൻഷൻസ്കീം HEP 60 MW<br><br>2. തോട്ടിയാർ HEP 40 MW<br><br>3. പെരുവണ്ണാമൂഴി SHEP 6 MW<br><br>4. പഴശ്ശിസാഗർ SHEP 7.5 MW<br><br>5. ഭൂതത്താൻകെട്ട് SHEP 24 MW |

| | | | |
|---|---|---|---|
| | | | സൗര സ്രോതസ്സുകളിൽ നിന്ന് **247 MW** ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിത ശേഷി നിലവിൽ **572 MW** ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ **53.5 MW**-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ. ബി.എൽ നിർമ്മിച്ചവയാണ്. തദ്ദേശീയമായ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ഫ്ളോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടി പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികൾ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വൈദ്യുതോദ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി (4.5 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അവയുടെ സ്ഥാപിതശേഷി കണക്കാക്കിയിട്ടുണ്ടോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br><br>ഇതിനു പുറമെ മാരിപ്പുഴ (6 MW) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനി ച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് വർക്കോർഡർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. കൂടാതെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിന്നാർ ജലവൈദ്യുത പദ്ധതി (24 MW) യുടെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ ഉത്ഘാടനം 20.06.2022 – ൽ നിർവഹിച്ചു.<br><br>മുടങ്ങികിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW) ന്റെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ 31.1.2022 ൽ M/s.TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക് നൽകി. ഇപ്പോൾ പുരോഗതിയിലുള്ള പദ്ധതികൾ, സ്ഥാപിതശേഷി, എന്നത്തേക്ക് |

പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് മുതലായവ അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിയിലാകുത്ത് 1.5 മെഗാവാട്ട്, ഏഴാംകടവ് 350 കിലോവാട്ട്, പട്ടയക്കുടി 100 കിലോവാട്ട് എന്നീ ചെറുകിടജലവൈദ്യുത പദ്ധതികൾക്കുള്ള ഭരണ-സാങ്കേതിക അനു മതികൾ സർക്കാർ നൽകുകയും, നിക്ഷേപകർ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അതുകൂടാതെ സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി 2021 ലെ സർക്കാർ ഉത്തരവു പ്രകാരം വിളിച്ച ടെണ്ടറിലൂടെ BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ളിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വെച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno – Economic Feasibility Report) ക്ക് അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

ഇവ കൂടാതെ കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ, പിക്കോ / മൈക്രോ ഹൈഡ്രോ / മൈക്രോ വിൻഡ് / ഹൈബ്രിഡ് പവർ പ്രോജക്റ്റുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുള്ള സാധ്യതാ പഠനവും, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kWന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ അവലംബിച്ച് കൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പി ലാക്കുവാനുള്ള വർക്ക് ഓർഡർ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ധ കമ്പനിക്ക്

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 kWന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| നമ്പർ | പദ്ധതി | മെഗാ വാട്ട് | നിലവിലെ പദ്ധതി | പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|
| 1 | മാങ്കുളം | 40 MW | സിവിൽ ജോലിയുള്ള കരാർ 16.05.2022 – ൽ ഒപ്പ വച്ചു | കരാർ തീയതി മുതൽ 48 മാസ കാലയളവ് |
| 2 | ഓലിക്കൽ | 5 MW | വർക്കോർഡർ നൽകി | 01.07.2025 |
| 3 | പൂവാരൻതോട് | 3 MW | | 01.07.2025 |
| 4 | അപ്പർ ചെങ്കുളം | 24 MW | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു | കരാർ തീയതി മുതൽ 48 മാസ കാലയളവ് |

**അനുബന്ധം II**

| നമ്പർ | പദ്ധതി | ശേഷി | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം HEP | 60 MW | ജനുവരി 2023 |
| 2 | തോട്ടിയാർ HEP | 40 MW | ഡിസംബർ 2022 |
| 3 | പെരുവണ്ണാമൂഴി SHEP | 6 MW | മാർച്ച് 2023 |
| 4 | പഴശ്ശിസാഗർ SHEP | 7.5 MW | സെപ്റ്റംബർ 2023 |
| 5 | ഭൂതത്താൻകെട്ട് SHEP | 24 MW | മാർച്ച് 2023 |